"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾക്കായി നിലവിലെ മാർഗ്ഗരേഖയിലെ നിബന്ധനകളിൽ താൽക്കാലികമായി ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1953/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/10/2020

---

പരാമർശം:- 1 സ.ഉ.(കൈ) നം. 216/2007/ത.സ്വ.ഭ.വ തീയതി 03-11-2017

2 17-06-2020-ലെ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗത്തിന്റെ 5-ാം നമ്പർ തീരുമാനം.

3 നഗരകാര്യ ഡയറക്ടറുടെ 21.08.2020-ലെ ഡി.സി.3-12014/18 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുത്ത് നടപ്പാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചും ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നിലവിലെ മാർഗ്ഗരേഖയിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും വിശദമായ പ്രപ്പോസൽ സമർപ്പിക്കാൻ 17.06.2020-ൽ ചേർന്ന അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പരാമർശം (1) പ്രകാരം സർക്കാർ അംഗീകാരം നൽകിയ മാർഗരേഖ പ്രകാരം വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളിൽതാഴെപ്പറയുന്ന ദുർബല വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്;

1. പട്ടിക ജാതി

2. പട്ടികവർഗ്ഗം

3. നാടോടികളായ ആദിവാസികൾ

4. ഡീ നോട്ടിഫൈഡ് ആദിവാസികൾ

5. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾ

6. സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങൾ

7. ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥന്മാരായിട്ടുള്ള കുടുംബങ്ങൾ

8. ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ

9. പി.എം.എ.വൈ. പദ്ധതിയുടെ ഗുണഭോക്താക്കൾ

എന്നാൽ സുഭിക്ഷ കേരളം പദ്ധതിയുടെ മാർഗരേഖ പ്രകാരം കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുന്ന എല്ലാ ഭൂവുടമകളുടെയും ഭൂമിയിലെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും പദ്ധതിയുടെ വിജയത്തിന് സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂവികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ ഈ വിഭാഗങ്ങൾക്ക് മുൻഗണന നൽകണമെന്ന നിബന്ധന ഒഴിവാക്കി പ്രവൃത്തികൾ ഏറ്റെടുക്കാൻ നഗരസഭകൾക്ക് അനുവാദം നൽകിക്കൊണ്ട് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ മാർഗരേഖ ഭേദഗതി വരുത്തണമെന്നും പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച സുഭിക്ഷ കേരളം പദ്ധതി ഭക്ഷ്യോത്പാദനത്തിൽ സംസ്ഥാനത്തിന്റെ സ്വയംപര്യാപ്തത ലക്ഷ്യമിടുന്നു. കഴിയുന്നത്ര ഭൂമിയിൽ കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതോടൊപ്പം തരിശ് ഭൂമിയിലെ കൃഷിയ്ക്കും പദ്ധതിയിൽ പ്രത്യേക ഊന്നൽ നൽകുന്നു. ടി പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് സുഭിക്ഷ കേരളം പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുക്കാൻ നഗരസഭകൾ കണ്ടെത്തിയിട്ടുള്ള പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി സംയോജിപ്പിക്കുന്നതിനും ടി പ്രവൃത്തികളിൽ മേൽ പറഞ്ഞ ദുർബല വിഭാഗങ്ങൾക്കുള്ള മുൻഗണ ആവശ്യമെങ്കിൽ ഒഴിവാക്കാൻ നഗരസഭകൾക്ക് നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം അനുവാദം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗങ്ങൾക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കൗൺസിൽ ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ& പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.10.19 15:09:08 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്